# കണ്ണൂർ സർവ്വകലാശാല

(സംഗ്രഹം)

കണ്ണൂർ സർവ്വകലാശാല യിൽ വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് ഒടുക്കുന്ന രീതികൾ സംബന്ധിച്ച പുതുക്കിയ ഉത്തരവ്.

---

വിവരാവകാശ വിഭാഗം

ക.യു/ആർ.ടി.ഐ./ പലവക/2015 — കണ്ണൂർ, തീയ്യതി 15 /11/2017

സൂചിക: 1. വിവരാവകാശനിയമം 2005 പ്രകാരം അപേക്ഷാഫീസ് ഒടുക്കുന്നതു സംബന്ധിച്ച വിവരാവകാശ കമ്മീഷന്റെ നിർദ്ദേശം കണ്ണൂർ സർവ്വകലാശാല യിൽ നടപ്പാക്കിക്കൊണ്ടുള്ള 11/07/2016 ലെ ഇതേ നമ്പർ ഉത്തരവ്.

2. കണ്ണൂർ സർവ്വകലാശാല യിൽ വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് ഒടുക്കുന്ന രീതികൾ സംബന്ധിച്ച 05.07.2017 ലെ ഇതേ നമ്പർ പുതുക്കിയ ഉത്തരവ്.

3. ഇതേ നമ്പർ ഫയലിലെ വൈസ്ചാൻസലറുടെ 13.11.2017 ലെ ഉത്തരവ്.

## ഉത്തരവ്.

കണ്ണൂർ സർവ്വകലാശാലയിൽ വിവരാവകാശനിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിനുള്ള ഫീസ് ഒടുക്കുന്ന രീതികൾ സംബന്ധിച്ച സൂചിക 2 ലെ പുതുക്കിയ ഉത്തരവ്, വൈസ്ചാൻസലറുടെ സൂചിക 3 ലെ ഉത്തരവ് അനുസരിച്ച് താഴെ പറയും പ്രകാരം ഭേദഗതി ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**'കണ്ണൂർ സർവ്വകലാശാല ഓഫീസിൽ വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന അപേക്ഷകൾക്കൊപ്പം അപേക്ഷാഫീസ്, പകർപ്പ് ലഭ്യമാക്കുന്നതിനുള്ള മറ്റു ചെലവുകൾ എന്നിവയ്ക്കായി സർവ്വകലാശാലയുടെ കറന്റ് അക്കൗണ്ടിൽ *(Account No.57015176715)* അടച്ച എസ്.ബി.ഐ പേ-ഇൻ-സ്ലിപ്പ് /സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേരിലെടുത്ത എസ്.ബി.ഐ സൗത്ത് ബസ്സാർ, കണ്ണൂർ ശാഖയിൽ മാറാൻ പറ്റുന്ന ഡി.ഡി/ സർവ്വകലാശാല ഫൈനാൻസ് ഓഫീസറുടെ പേരിലെടുത്ത ഇന്ത്യൻ പോസ്റ്റൽ ഓർഡർ/ 8658-00-102-96(27)KUS എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അടച്ച *ട്രഷറി ചലാൻ* എന്നിവയിൽ ഏതെങ്കിലും മാത്രമേ സ്വീകരിക്കുകയുള്ളൂ. ഫീസ് ഓൺലൈനായി "SBI Collect" വഴിയും അടക്കാവുന്നതാണ്. ഓൺലൈനായി ഫീസ് അടക്കുന്നവർ ഫീസടച്ചതിന്റെ Print Out വിവരാവകാശ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്. *കോർട്ട് ഫീ സ്റ്റാമ്പ് വിവരാവകാശ നിയമവുമായി ബന്ധപ്പെട്ട സേവനങ്ങൾക്ക് കണ്ണൂർ സർവ്വകലാശാലയിൽ സ്വീകരിക്കുന്നതല്ല.'***

ഒപ്പ്
രജിസ്ട്രാർ

To

1. പി.ആർ.ഒ (പത്രപരസ്യത്തിനുവേണ്ടി)
2. കമ്പ്യൂട്ടർ പ്രോഗ്രാമർ (സർവ്വകലാശാല വെബ്ബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്ക്)
3. വി.സി യുടെ പി.എസ്/ പി.വി.സി, രജിസ്ട്രാർ, ഫൈനാൻസ് ഓഫീസർ, പരീക്ഷാകൺട്രോളർ എന്നിവരുടെ പി.എ,
4. പബ്ലിക്ക് ഇൻഫർമേഷൻ ഓഫീസർമാർ
5. K.S.A.D
6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ